هيئة التعليم السنية بعموم كيرلا

**SAMASTHA KERALA SUNNI VIDYABHYASA BOARD**

SAMASTHA CENTRE, MARKAZ COMPLEX ROAD, CALICUT - 6

PH: 0495 - 2772840,2772841,2772842,2772843,2772844,

Web: www.samastha.in, Email : madrsaalhind@gmail.com

സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡിൽ നിന്ന് മദ്റസാ മാനേജ്മെന്റുകളെയും മുഅല്ലിംകളെയും അറിയിക്കുന്നത്.

മാന്യരേ,

പുതിയ അധ്യയന വർഷം ആരംഭിച്ചിരിക്കുന്നു. ഇസ്ലാമിക പൈതൃകം സംരക്ഷിച്ച് അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിൽ അടിയുറച്ചു നിൽക്കുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിന് വേണ്ടി സ്ഥാപിതമായ മദ്റസാ പ്രസ്ഥാനം പതിറ്റാണ്ടുകളായി സ്തുത്യർഹമായ സേവനമാണ് ചെയ്തു കൊണ്ടിരിക്കുന്നത്. മദ്റസാ പ്രസ്ഥാനത്തിന്റെ പുരോഗതിയുടെ നിദാനം മദ്റസാ മാനേജ്മെന്റു കളുടെയും വന്ദ്യരായ മുഅല്ലിംകളുടെയും കൂട്ടായ സേവനം തന്നെയാണ്. അതോടൊപ്പം രക്ഷിതാക്കളുടെ സഹകരണം കൂടി ലഭ്യമായെങ്കിൽ മാത്രമേ നമ്മുടെ ലക്ഷ്യം പരിപൂർണ്ണമായി വിജയത്തിലെത്തിക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ മാനേജ്മെന്റും മുഅല്ലിംകളും രക്ഷിതാക്കളും പൂർവോപരി ഐക്യത്തോടെ മുന്നേറണമെന്ന് അഭ്യർത്ഥിക്കുന്നു.

മദ്റസകളിലെ പഠന പുരോഗതിക്കുവേണ്ടി വിദ്യാഭ്യാസ ബോർഡ് നടപ്പാക്കിയ വിവിധ പദ്ധതികൾ മുഴുവൻ മദ്റസകളിലും സമയ ബന്ധിതമായും കാര്യക്ഷമമായും നടപ്പിലാക്കാൻ അധ്യയന വർഷാരംഭത്തിൽ തന്നെ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>പ്രവൃത്തി ദിവസങ്ങൾ, അവധികൾ</u>**

ഒരു അധ്യയന വർഷത്തിൽ ജനറൽ മദ്റസകളിൽ 240ഉം, സ്കൂൾ അധ്യയനവർഷത്തിന് അനുസരിച്ച് പ്രവർത്തിക്കുന്ന മദ്റസകളിൽ 220 ഉം, ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ 200ഉം പ്രവൃത്തി ദിനങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത്. മുഴുവൻ മദ്റസകളിലും ഇത്രയും ദിവസങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം വിദ്യാഭ്യാസ ബോർഡ് നിർദേശിച്ച ദിവസങ്ങളിൽ അല്ലാതെ മദ്റസകൾക്ക് അവധി നൽകുന്ന സമ്പ്രദായം ഒഴിവാക്കേണ്ടതാണ്.

**<u>സ്മരണീയ ദിനങ്ങൾ</u>**

മീലാദ് ദിനം, ജീലാനി ദിനം, എന്നിവ മദ്റസകൾക്ക് അവധിയാണെങ്കിലും പ്രസ്തുത ദിവസം മദ്റസ ഭാരവാഹികളും, മുഅല്ലിംകളും, വിദ്യാർഥികളും, രക്ഷിതാക്കളും മദ്റസയിൽ ഒത്തുകൂടി മൗലിദ് പാരായണം, അനുസ്മരണ പ്രഭാഷണം, അന്നദാനം തുടങ്ങിയവ നടത്തേണ്ടതാണ്. പ്രസ്തുത ദിവസങ്ങളിൽ വിദ്യാർത്ഥികൾക്ക് ഹാജർ നൽകുകയും മുഅല്ലിംകൾ ഒപ്പ് വെക്കുകയും ചെയ്യേണ്ടതാണ്. ഈ വർഷത്തെ പ്രാർത്ഥനാ ദിനമായ **<u>ഡിസംബർ 29 ഞായറാഴ്ച</u>** മൺമറഞ്ഞുപോയ സംഘടനാ നേതാക്കളെ അനുസ്മരിക്കുകയും ഖുർആൻ പാരായണം നടത്തി പ്രത്യേക പ്രാർത്ഥന നടത്തുകയും വേണം. ഇതിലും മേൽപ്പറഞ്ഞ മുഴുവൻ പേരുടെയും സാന്നിധ്യം ഉറപ്പു വരുത്തണം.

മുഹറം 9,10 റജബ് 27, ശഅബാൻ 15, ജനുവരി 26, ആഗസ്റ്റ് 15 എന്നിവ അവധി ദിനങ്ങളാണ്.സ്വാതന്ത്ര്യ ദിനമല്ലാത്ത അവധി ദിവസങ്ങളിൽ അധ്യാപകരും വിദ്യാർത്ഥികളും മദ്റസയിൽ ഹാജറാകേണ്ടതില്ല എന്നാൽ തലേദിവസം കുട്ടികളെ ഒന്നിച്ചിരുത്തി അവർക്ക് പ്രസ്തുത ദിവസങ്ങളുടെ പ്രാധാന്യവും മഹത്വവും മനസ്സിലാക്കി കൊടുക്കുകയും താസുആഅ്, ആശുറാഅ്, മിഅ്റാജ്, ബറാഅത്ത് ദിനങ്ങളിലെ നോമ്പ്, ആരാധനകൾ എന്നിവയെക്കുറിച്ചും റിപ്പബ്ലിക് ദിനത്തിൽ അതിന്റെ പ്രാധാന്യവും ചരിത്രവും വിശദീകരിച്ചു കൊടുക്കുകയും വേണം. ഈ സന്ദേശം വീടുകളിലെത്തിക്കാനും നിർദേശം നൽകണം.

**സ്വാതന്ത്ര്യദിനം**

നമ്മുടെ നാട് സ്വാതന്ത്ര്യം നേടിയ ആഗസ്റ്റ് 15ന് രാവിലെ അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും മാനേജ്മെന്റ് പ്രതിനിധികളും മദ്റസയിൽ ഒത്തു ചേരണം. മദ്റസാ വിദ്യാർത്ഥികളുടെ അസംബ്ലി വിളിച്ചു ചേർത്ത് ദേശീയ പതാക ഉയർത്തണം. മാന്യമായ രീതിയിൽ മാന്യമായ സ്ഥാനത്താണ് പതാക ഉയർത്തേണ്ടത്. സൂര്യോദയത്തിന് ശേഷമാണ് പതാക ഉയർത്തേണ്ടത് സൂര്യാസ്തമനത്തിന് മുമ്പായി പതാക താഴ്ത്തി അഴിച്ചെടുത്ത് സൂക്ഷിക്കണം.

സ്വാതന്ത്ര്യ സമര ചരിത്രവും സ്വാതന്ത്ര്യം നേടിത്തരുന്നതിൽ നമ്മുടെ മുൻഗാമികൾ സഹിച്ച ത്യാഗങ്ങളും മറ്റും വിദ്യാർത്ഥികൾക്ക് പറഞ്ഞു മനസ്സിലാക്കി കൊടുക്കണം.

**പഠനാരംഭ, സമാപന പ്രാർത്ഥകൾ**

പ്രവർത്തി ദിവസങ്ങളിൽ വിദ്യാഭ്യാസ ബോർഡ് നിർദ്ദേശിച്ച പ്രാർത്ഥനകൾ ചൊല്ലി മദ്റസാ പഠനം ആരംഭിക്കേണ്ടതും നിശ്ചിത പ്രാർത്ഥനകൾ തന്നെ ചൊല്ലി പഠനം അവസാനിപ്പിക്കേണ്ടതുമാണ്. പ്രസ്തുത പ്രാർത്ഥനകൾ വിദ്യാഭ്യാസ ബോർഡിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

**നെയിംബോർഡ്**

മുഴുവൻ മദ്റസകളിലും നെയിംബോർഡ് പ്രദർശിപ്പിക്കണം. റോയൽ ബ്ലു (Cyan 100 + Magenta 100) പ്രതലത്തിൽ വെള്ള, മഞ്ഞ കളറുകളിലാണ് അക്ഷരങ്ങൾ എഴുതേണ്ടത്. നീളത്തിന്റെ മൂന്നിലൊന്ന് വീതി മദ്റസാ ബിൽഡിംഗിന്റെ വലുപ്പത്തിനനുസൃതമായി ബോർഡിന്റെ അളവ് നിജപ്പെടുത്തുക. ബോർഡിൽ മദ്റസയുടെ അഫിലിയേഷൻ നമ്പറും സ്ഥാപിത വർഷവും സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡ് അംഗീകൃതം എന്നും എഴുതണം. സുന്നി വിദ്യാഭ്യാസ ബോർഡിന്റെ ലോഗോ, ബോർഡിന്റെ ഇടതു ഭാഗത്ത് ചേർക്കണം. നെയിം ബോർഡിന്റെ മോഡൽ www.samastha.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**പാരന്റ്സ് മീറ്റ്**

മദ്റസകളിലെ പഠനത്തിന് ലഭിക്കുന്ന സമയം വളരെ കുറവാണെന്ന സത്യം നമുക്കറിയാമല്ലോ ആയതിനാൽ മദ്റസക്കു പുറത്തുവെച്ചും കുട്ടികൾ മതപഠനവും പരിശീലനവും നടത്തിയെങ്കിൽ മാത്രമേ നമ്മുടെ ലക്ഷ്യം പൂർത്തീകരിക്കപ്പെടുകയുള്ളൂ ഇതിന് രക്ഷിതാക്കളുടെ സഹകരണം കൂടിയേ തീരൂ. ഇതിനായി വർഷത്തിൽ നാലു തവണയെങ്കിലും ഓരോ മദ്റസയിലും പാരന്റ്സ് മീറ്റ് /മാതൃസംഗമം നടക്കണം. മീറ്റ് നടക്കേണ്ട തിയ്യതികൾ മദ്റസാ വിദ്യാഭ്യാസ കലണ്ടറിൽ പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. പാരന്റ്സ് മീറ്റിൽ പ്രധാനമായും ചർച്ച ചെയ്യേണ്ടത് വിദ്യാർത്ഥികളുടെ പഠന പുരോഗതിക്ക് ആവശ്യമായ പദ്ധതികളും നിർദ്ദേശങ്ങളുമാണ്. ഇതിനായി മദ്റസയിലെ ഏതെങ്കിലും മുഅല്ലിമിനെ പ്രത്യേകം ചുമതലപ്പെടുത്തണം. യോഗത്തിൽ മുഴുവൻ മുഅല്ലിംകളും മാനേജ്മെന്റ് പ്രതിനിധികളും സംബന്ധിക്കണം. പാരന്റ്സ് മീറ്റിന്റെ തിയ്യതി ഒരാഴ്ച മുമ്പേ വിദ്യാർത്ഥികൾ മുഖേന രക്ഷിതാക്കളെ രേഖാമൂലം അറിയിക്കണം. പ്രഥമ യോഗത്തിൽ വെച്ച് പാരന്റ്സ് ടീച്ചേഴ്സ് ( PTA)കമ്മിറ്റിക്ക് രൂപം നൽകണം.

**മുഅല്ലിം മാനേജ്മെന്റ് സംയുക്ത യോഗം**

മദ്റസയുടെ പുരോഗതിക്കും വിദ്യാർത്ഥികളുടെ പഠന നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് വർഷത്തിൽ ചുരുങ്ങിയത് നാല് തവണയെങ്കിലും മദ്റസയിൽ വെച്ച് മുഅല്ലിം മാനേജ്മെന്റ് സംയുക്ത യോഗം ചേരണം.

മദ്റസയിലെ മുഴുവൻ മുഅല്ലിംകളും അഞ്ചിൽ കുറയാത്ത മാനേജ്മെന്റ് പ്രതിനിധികളും നിർബന്ധമായും യോഗത്തിൽ സംബന്ധിക്കണം. സംയുക്ത യോഗത്തിന്റെ തിയ്യതികൾ മദ്റസാ വിദ്യാഭ്യാസ കലണ്ടറിൽ പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്.

യോഗത്തിൽ കഴിഞ്ഞകാല പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവികാല പ്രവർത്തന പദ്ധതികൾക്ക് രൂപം നൽകുകയും വേണം.

പ്രഥമ യോഗം 2019 ജൂൺ 23ന് ചേർന്ന് **ഇതോന്നിച്ചുള്ള ഫോറം പൂരിപ്പിച്ച് വിദ്യാഭ്യാസ ബോർഡിലേക്ക് അയക്കണം**. യോഗ നടപടികളും തീരുമാനങ്ങളും പ്രത്യേക റജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കണം.

പ്രഥമ മുഅല്ലിം മാനേജ്മെന്റ് യോഗത്തിൽ ഈ സർക്കുലറുകൾ ആദ്യാവസാനം വായിച്ച് ചർച്ച ചെയ്യേണ്ടതും ഈ അധ്യയന വർഷത്തേക്കാവശ്യമായ പ്രവർത്തന പദ്ധതികൾക്ക് രൂപം നൽകേണ്ടതുമാണ്.

**സ്റ്റാഫ് യോഗങ്ങൾ**

മാസത്തിൽ ഒരു തവണയെങ്കിലും എല്ലാ മദ്റസകളിലും സ്റ്റാഫ് മീറ്റിംഗ് നടക്കണം. കഴിഞ്ഞ ഒരു മാസത്തെ പഠന പുരോഗതി വിലയിരുത്തുകയും അടുത്ത ഒരു മാസത്തേക്കുള്ള പ്രവർത്തന പദ്ധതികൾക്ക് രൂപം നൽകുകയും വേണം.

**പൂർവ്വ വിദ്യാർത്ഥി സംഗമം**

സംഘടനാ നേതൃത്വത്തെ പങ്കെടുപ്പിച്ച് പൂർവ്വ വിദ്യാർത്ഥികളുടെ സംഗമം നടത്തുക. മദ്റസയിൽ നിന്ന് പഠനം കഴിഞ്ഞു പോയ ആൺകുട്ടികളെ സംഘടനാ സംവിധാനത്തിന്റെ ഭാഗമാക്കുക. പ്രത്യേക പൂർവ്വ വിദ്യാർത്ഥി സംഘടന രൂപീകരിക്കേണ്ടതില്ല. എന്നാൽ പൂർവ്വ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കേണ്ടതാണ്.

**മദ്റസാ റിക്കാർഡുകൾ**

മദ്റസാ റിക്കാർഡുകളായ അഡ്മിഷൻ ഫോറം, അഡ്മിഷൻ റജിസ്റ്റർ, വിദ്യാർത്ഥികളുടെ ഹാജർ പട്ടിക, മാർക്ക് റജിസ്റ്റർ, ടിസി ബുക്ക് മുതലായവ കൃത്യമായും വൃത്തിയായും കൈകാര്യം ചെയ്യുക.

ഓരോ മദ്റസയിലും സ്റ്റാഫ് കൗൺസിൽ മിനുട്സ്, മുഅല്ലിം മാനേജ്മെന്റ് യോഗ മിനുട്സ്, ക്യാഷ് റസിപ്റ്റ്, വൗച്ചർ, എക്കൗണ്ട് ബുക്ക്, ലെറ്റർ ഹെഡ്, സീൽ എന്നിവ ഉണ്ടായിരിക്കണം.

**റെയിഞ്ച് യോഗങ്ങൾ**

മുഴുവൻ മുഅല്ലിംകളും, മാനേജ്മെന്റ് പ്രതിനിധികളും, ജംഇയ്യത്തുൽ മുഅല്ലിമീൻ റെയിഞ്ച് / ഡിവിഷൻ ജനറൽ ബോഡി യോഗങ്ങളിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. എസ്.ജെ.എം.സെൻട്രൽ ഓഫീസീൽ നിന്ന് ലഭിക്കുന്ന സർക്കുലറുകൾ വായിച്ച് പദ്ധതികൾ സമയ ബന്ധിതമായി നടപ്പാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

**മൊബൈൽ ഫോൺ**

ക്ലാസ് റൂമുകളിൽ യാതൊരു കാരണവശാലും മുഅല്ലിംകളും വിദ്യാർത്ഥികളും മൊബൈൽ ഫോൺ ഉപയോഗിക്കാൻ പാടില്ല. മുഅല്ലിംകൾ ഒപ്പ് വെച്ച ശേഷം മൊബൈൽ ഫോൺ സ്റ്റാഫ് റൂമിലോ സ്വദർ മുഅല്ലിം നിർദ്ദേശിക്കുന്ന പ്രത്യേക സ്ഥലത്തോ സൂക്ഷിക്കേണ്ടതാണ്. മൊബൈൽ ഫോൺ ക്ലാസ് റൂമുകളിൽ കൊണ്ടു വരാൻ പാടില്ല.

**അഡ്മിഷൻ**

മദ്റസയിൽ കുട്ടികളെ ചേർക്കുന്നതിന് രക്ഷിതാക്കളിൽ നിന്ന് അപേക്ഷാ ഫോറം പൂരിപ്പിച്ച് ഒപ്പ് വെച്ച ശേഷമെ അഡ്മിഷൻ നൽകാവൂ. മറ്റു മദ്റസകളിൽ നിന്ന് വരുന്ന കുട്ടികളെ യോഗ്യതാ ടെസ്റ്റ് നടത്തിയ ശേഷമെ അഡ്മിഷൻ നൽകാവൂ. യോഗ്യതാ പരീക്ഷാ അപേക്ഷാ ഫോറം വെബ് സൈറ്റിൽ ലഭ്യമാണ്.

**ഒന്നാം ക്ലാസും മഖ്റജും**

ഒരു മുസ്ലിമിന്റെ ജീവിതത്തിൽ ഏറ്റവും പ്രധാന ആരാധനയായ നിസ്കാരം ശരിയായി നിർവഹിക്കുന്നതിനും പരിശുദ്ധ ഖുർആൻ തെറ്റു കൂടാതെ പാരായണം ചെയ്യുന്നതിനും കുട്ടികൾ തുടക്കത്തിൽ തന്നെ അറബി അക്ഷരങ്ങൾ ശരിയായ മഖ്റജിൽ നിന്ന് ഉച്ചരിച്ച് ശീലിക്കണം മഖ്റജുകളിൽ പിഴവ് സംഭവിച്ചാൽ ആരാധനകൾ നിഷ്ഫലമായി പോവുമെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

ആയതിനാൽ അക്ഷരസ്ഫുടതയുള്ള, ശരിയായ ഉച്ചാരണം പഠിച്ച, പഠിപ്പിക്കാൻ കഴിവുള്ള അധ്യാപകരെ മാത്രമെ ഒന്നാം ക്ലാസിൽ മുഅല്ലിമായി നിശ്ചയിക്കാവൂ. ഒന്നാം ക്ലാസിലെ മുഴുവൻ കുട്ടികളെയും ഹിജാഇയ്യായ അക്ഷരങ്ങളുടെ മഖ്റജ് ശരിയായി പഠിപ്പിച്ചു എന്നും കുട്ടികൾ അത് ശരിയായി ഉച്ചരിക്കുന്നുണ്ടെന്നും ക്ലാസ് മുഅല്ലിമിന് ബോധ്യം വരണം. ഒന്നാം ക്ലാസിൽ നിന്ന് പഠിച്ച ഉച്ചാരണ രീതിയാണ് ജീവിത കാലം മുഴുവൻ നിലനിൽക്കുക എന്ന കാര്യം മുഅല്ലിംകൾ പ്രത്യേകം ഓർമിക്കണം. ക്ലാസുകളിൽ കുട്ടികളുടെ ഹാജർ വിളിക്കുമ്പോഴും പാഠാവതരണ സമയത്തും മറ്റു സംസാരങ്ങൾക്കിടയിലും അറബി അക്ഷരങ്ങൾ മഖ്റജുകളിൽ നിന്ന് തന്നെ ഉച്ചരിക്കാൻ അധ്യാപകൻമാർ പ്രത്യേകം ശ്രദ്ധിക്കുകയും മദ്റസാ മുഅല്ലിംകളും മറ്റും മഖ്റജ് പ്രത്യേകം ശ്രദ്ധിക്കാൻ കുട്ടികൾക്ക് കർശന നിർദ്ദേശം നൽകുകയും വേണം.

**രണ്ടാം ക്ലാസും ഖുർആൻ പാരായണവും**

ഖുർആൻ പഠനം രണ്ടാം ക്ലാസു മുതൽക്കാണ് ആരംഭിക്കുന്നത് ഖുർആനിലെ ഓരോ വാക്കുകളും ആയത്തുകളും വ്യക്തമായി തജ്‌വീദ് നിയമ പ്രകാരം തന്നെ കുട്ടികളെ ഓതിക്കേൾപ്പിക്കണം. ഇതിനായി ലോക പ്രശസ്ത ഖാരിഉകളുടെ ഖുർആൻ പാരായണ സി.ഡി.കളും, തജ്‌വീദ് പ്രാക്ടിക്കൽ പഠനത്തിനുള്ള സി.ഡി.കളും ഉപയോഗപ്പെടുത്താവുന്നതാണ്. തജ്‌വീദിൽ പ്രാവിണ്യമുള്ള ഏറ്റവും ശബ്ദ ഭംഗിയുള്ള മുഅല്ലിമിനെയാണ് രണ്ടാം ക്ലാസിൽ അധ്യാപകനായി നിശ്ചയിക്കേണ്ടത്. ഓരോ മദ്റസയിലും ഓരോ സ്മാർട് ക്ലാസ് റൂം സംവിധാനിക്കുന്നത് ഖുർആൻ പഠനത്തിന് ഏറെ സഹായകരമാവുമെന്ന് ഉണർത്തുന്നു. ഒരു മദ്റസയിൽ ഒരു സ്മാർട് ക്ലാസ് റൂം എന്ന ആശയം നടപ്പാക്കുന്നതിന് പ്രദേശത്തെയൊ പരിസര പ്രദേശങ്ങളിലേയോ ഉദാരമതികളായ ദീനീ സ്നേഹികളുടെ സ്പോൺസർഷിപ്പ് കണ്ടെത്താവുന്നതാണ്.

**മൂല്യനിർണ്ണയ പരിഷ്കരണം**

അടിയുറച്ച വിശ്വാസമുള്ള മുസ്ലിമായി ജീവിക്കുന്ന വ്യക്തിയെ വാർത്തെടുക്കുകയാണല്ലോ മദ്റസാ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യം നേടുന്നതിന് വിദ്യാർത്ഥികൾക്ക് മത വിഷയങ്ങളിൽ ആവശ്യമായ അറിവു ലഭിക്കണം, സ്വഭാവ സംസ്കരണം നടക്കണം, മതകർമ്മങ്ങൾ ചെയ്യാനുള്ള താൽപര്യവും ശേഷിയും ഉണ്ടാകണം. ഇതെല്ലാം പരിശോധിച്ചും നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയും മുന്നോട്ടു പോയാൽ മാത്രമെ നമുക്കു ലക്ഷ്യത്തിലെത്താൻ സാധിക്കുകയുള്ളൂ.

കുട്ടികൾ കൈവരിച്ച ശേഷികളും ധാരണകളും നിരന്തരം പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. എഴുത്തു പരീക്ഷയും, കുട്ടി ആർജിച്ചെടുത്ത നൈപുണികളെ അളക്കാനും മനസ്സിലാക്കാനുമുള്ള നിരന്തര മൂല്യ നിർണയവും മദ്റസാ തലത്തിൽ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കാൻ ബന്ധപ്പെട്ടവർ ശ്രമിക്കണമെന്ന് ഉണർത്തുന്നു.

**(a) പ്രാക്ടിക്കൽ**

അധ്യാപകർ നേരിട്ടു നടത്തുന്നതും ദൈനംദിന അധ്യാപനത്തിന്റെയും നിരീക്ഷണത്തിന്റെയും ഭാഗവുമായ നിരന്തര മൂല്യനിർണ്ണയം.

മൂല്യ നിർണയത്തിന് മാർക്ക് താഴെ കാണിച്ച രീതിയിൽ ക്രമീകരിച്ചിരിക്കുന്നു.

(ഒന്നു മുതൽ +2 കൂടിയ എല്ലാ ക്ലാസുകൾക്കും ഇത് ബാധകമാണ്)

1. വായന (20 മാർക്ക്)
2. എഴുത്ത് (20 മാർക്ക്)
3. കർമ്മം (20 മാർക്ക്) (വുളു, നിസ്കാരം, തയമ്മും പോലെയുള്ളവ)
4. ശീലം (15 മാർക്ക്) (കുട്ടികൾ കർമ്മങ്ങൾ ചെയ്യുന്നുണ്ടോ എന്ന പരിശോധന)
5. വേഷം (15 മാർക്ക്)
6. ഹാജർ (10 മാർക്ക്)

ആകെ മാർക്ക് 100 വിജയിക്കാനുള്ള മാർക്ക് 40

**(b) വർഷാവസാനം നടത്തുന്ന എഴുത്തുപരീക്ഷയും ഇന്റേർണൽ മൂല്യനിർണ്ണയവും**

(ഒന്നു മുതൽ +2 കൂടിയ എല്ലാ ക്ലാസുകളിലും)

എഴുത്തു പരീക്ഷ (80 മാർക്ക്)

അർദ്ധവാർഷിക പരീക്ഷയുടെ വെയിറ്റേജ് (10 മാർക്ക്)

അസൈൻമെന്റ് (10 മാർക്ക്)

ഓരോ വിഷയത്തിനും 100 മാർക്ക് വിതം. വിജയിക്കാനുള്ള മാർക്ക് 40.

പ്രാക്ടിക്കൽ, ഇന്റേർണൽ പരീക്ഷകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടെന്ന് സ്വദർ മുഅല്ലിം ഓരോ മാസവും പരിശോധിച്ച് ഉറപ്പുവരുത്തണം.

മദ്റസകളിൽ മേൽ പദ്ധതികൾ നടപ്പാക്കുന്നുണ്ടെന്ന് വർഷത്തിൽ 4 തവണയെങ്കിലും മാനേജ്മെന്റ് പ്രതിനിധികൾ മദ്റസകളിലെത്തി പരിശോധിക്കണം. മേൽകാര്യങ്ങൾ മുഫത്തിശിന്റെയും മോണിറ്ററിംഗ്

സമിതിയുടെയും പരിശോധനക്ക് നൽകേണ്ടതുമാണ്. മൂല്യ നിർണ്ണയ പരിഷ്കരണ സംബന്ധമായ വിശദ വിവരങ്ങളടങ്ങിയ സർക്കുലർ (**Circular No. 101/2017**) നേരത്തെ വിദ്യാഭ്യാസ ബോർഡ് ഓഫീസിൽ നിന്ന് മദ്റസകൾക്ക് അയച്ചിട്ടുണ്ട്.

പ്രാക്ടിക്കൽ, അസൈൻമെന്റ്, ഖുർആൻ, ഹിഫ്ള്, എന്നിവയിൽ മാസംതോറും പരീക്ഷ നടത്തി മാർക്ക് രേഖപ്പെടുത്തണം. ദുൽഖഅ്ദ് മുതൽ റജബ് കൂടിയ ( സ്കൂൾ അധ്യയന വർഷത്തിനനുസരിച്ച് പ്രവർത്തിക്കുന്ന മദ്റസകളിൽ ജൂലായ് മുതൽ ഫെബ്രുവരി കൂടിയ) ഓരോ മാസങ്ങളിലും ഓരോ കുട്ടിയുടെയും പ്രസ്തുത വിഷയങ്ങളിലുള്ള മാർക്ക് രേഖപ്പെടുത്തണം ഇതിനായി പ്രത്യേക പ്രതിമാസ മാർക്ക് റെജിസ്റ്റർ തയ്യാറാക്കണം.

വായന, എഴുത്ത്, കർമം, അസൈൻമെന്റ് എന്നീ വിഷയങ്ങളിൽ അവസാന മാസത്തിൽ കുട്ടിക്ക് ലഭിച്ച മാർക്കുകളാണ് പരിഗണിക്കേണ്ടത്.

ഉദാ:- വായന (20 മാർക്ക് )

| ദുൽഖഅദ് | ദുൽഹിജ്ജ | മുഹററം | സഫർ | റബിഉൽ അവ്വൽ | റബീഉൽ ആഖിർ | ജമാദുൽ അവ്വൽ | ജമാദുൽ ആഖിർ | റജബ് | ഫൈനൽമാർക്ക് |
|---|---|---|---|---|---|---|---|---|---|
| 10 | 12 | 13 | 15 | 15 | 16 | 18 | 18 | 18 | 18 |

എന്നാൽ ശീലം, വേഷം, ഹാജർ, എന്നീ വിഷയങ്ങളിൽ ഓരോ മാസത്തിലും ലഭിച്ച മാർക്കുകൾ കൂട്ടി ആകെ മാസങ്ങളെ (9) കൊണ്ട് ഹരിച്ച ശേഷം ലഭിക്കുന്ന മാർക്കാണ് പരിഗണിക്കേണ്ടത്.

ഉദാ: ശീലം (15 മാർക്ക് )

| ദുൽഖഅദ് | ദുൽഹിജ്ജ | മുഹററം | സഫർ | റബിഉൽ അവ്വൽ | റബീഉൽ ആഖിർ | ജമാദുൽ അവ്വൽ | ജമാദുൽ ആഖിർ | റജബ് | ആകെ |
|---|---|---|---|---|---|---|---|---|---|
| 11 | 12 | 13 | 13 | 13 | 13 | 14 | 14 | 14 | 117 |

**117 ÷ 9 =13** ഫൈനൽ മാർക്ക് 13

## ഖുർആൻ ഹിഫ്ള്

എന്നാൽ പൊതുപരീക്ഷകൾക്ക് വിദ്യാഭ്യാസ ബോർഡിൽ നിന്നും അർദ്ധ വാർഷിക, വാർഷിക പരീക്ഷകൾക്ക് ജംഇയ്യത്തുൽ മുഅല്ലിമീൻ ഓഫീസിൽ നിന്നും അയക്കുന്ന ചോദ്യപ്പേപ്പറിൽ നടത്തിയ പരീക്ഷക്കു ലഭിച്ച മാർക്കാണ് ഖുർആൻ ഹിഫ്ളിൽ പരിഗണിക്കേണ്ടത്.

## വെയിറ്റേജ്

അർദ്ധവാർഷിക പരീക്ഷയിൽ കുട്ടിക്കു ഓരോ വിഷയത്തിനും ലഭിച്ച മാർക്കിന്റെ വെയിറ്റൈജ് ആണ് നൽകേണ്ടത് (പരമാവധി 10 മാർക്ക്)

91 മുതൽ 100 വരെ: 10 മാർക്ക്
81 മുതൽ 90 വരെ: 9 മാർക്ക്
71 മുതൽ 80 വരെ: 8 മാർക്ക്
61 മുതൽ 70 വരെ : 7 മാർക്ക്
51 മുതൽ 60 വരെ : 6 മാർക്ക്
41 മുതൽ 50 വരെ: 5 മാർക്ക്
31 മുതൽ 40 വരെ: 4 മാർക്ക്
21 മുതൽ 30 വരെ : 3 മാർക്ക്
11 മുതൽ 20 വരെ : 2 മാർക്ക്

അർദ്ധ വാർഷിക പരീക്ഷക്കു ശേഷം മറ്റൊരു മദ്റസയിൽ നിന്ന് ടി.സി. വാങ്ങിവന്ന കുട്ടിക്ക് ആ മദ്റസയിൽ അർദ്ധ വാർഷിക പരീക്ഷക്ക് ലഭിച്ച മാർക്ക് എഴുതി വാങ്ങി വെയിറ്റേജ് നൽകണം.

## ഹാജർ

91 % മുതൽ 100 % വരെ ..........10 മാർക്ക്
81 % മുതൽ 90 % വരെ ..........8 മാർക്ക്
71 % മുതൽ 80 % വരെ ..........6 മാർക്ക്
61 % മുതൽ 70 % വരെ ..........4 മാർക്ക്

51 % മുതൽ 60 %　　വരെ ..........2 മാർക്ക്

51 ശതമാനത്തിൽ താഴെ ഹാജറുള്ളവർക്ക് മാർക്കിന് അർഹതയില്ല. മെഡിക്കൽ ലീവ് ഹാജറായി പരിഗണിക്കണം. വർഷത്തിൽ മദ്റസ പ്രവർത്തിച്ച ആകെ ദിവസം കൊണ്ട് ഹരിക്കേണ്ടത്.
ഉദാ: ആകെ പ്രവൃത്തി ദിവസം 240, വിദ്യാർത്ഥി ഹാജറായ ദിവസം 192 ( (192 ÷240 X 100 =80 %)

**പരീക്ഷകൾ**

വർഷത്തിൽ രണ്ടു തവണയാണ് മദ്റസയിൽ പരീക്ഷ നടത്തപ്പെടുന്നത്. അധ്യയന വർഷത്തിന്റെ മധ്യ ഭാഗത്ത് നടക്കുന്ന അർദ്ധ വാർഷിക പരീക്ഷയും, പൊതു പരീക്ഷാ ക്ലാസുകളല്ലാത്തവയിലെ വാർഷിക പരീക്ഷയും സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ കേന്ദ്ര കമ്മിറ്റിയുടെ നേതൃത്വത്തിലാണ് നടക്കുന്നത്.

അഞ്ച്, ഏഴ്, പത്ത്, +2 ക്ലാസുകളിലെ വാർഷിക പൊതുപരീക്ഷകൾ സുന്നി വിദ്യാഭ്യാസ ബോർഡിന്റെ മേൽ നോട്ടത്തിലാണ് നടക്കുന്നത്.

അർദ്ധ വാർഷിക പരീക്ഷക്ക് ഓരോ വിഷയങ്ങൾക്കും 50 മാർക്കിന്റെ ചോദ്യപ്പേപ്പറുകളാണ് നൽകപ്പെടുന്നത്. എന്നാൽ വാർഷിക പരീക്ഷക്കും പൊതു പരീക്ഷക്കും ഒന്നു മുതൽ +2 വരെയുള്ള മുഴുവൻ ക്ലാസുകളിലേയും മുഴുവൻ വിഷയങ്ങൾക്കും (ഖുർആൻ ഒഴികെ) 80 മാർക്കിനുള്ള ചോദ്യപ്പേപ്പറുകളാണ് നൽകുക. (വെയിറ്റേജ് 10 + അസൈമെന്റ് 10 =20, 80+20=100). പ്രാക്ടിക്കൽ എന്ന വിഷയത്തിന് ആകെ മാർക്ക് 100 ആണ് നൂറിൽ ലഭിച്ച മാർക്കാണ് മാർക്ക് പട്ടികയിൽ ചേർക്കേണ്ടത്.

മാർക്ക് പട്ടികയിൽ അർദ്ധവാർഷിക പരീക്ഷയുടെ മാർക്ക് ചേർക്കുമ്പോൾ ഓരോ കുട്ടിക്കും 100ൽ ലഭിച്ച മാർക്കാണ് ചേർക്കേണ്ടത്.

സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ നേരിട്ടു നടത്തുന്ന അർദ്ധ വാർഷിക, വാർഷിക പരീക്ഷകൾ സ്വദർ മുഅല്ലിമിന്റെ മേൽ നോട്ടത്തിൽ മുഅല്ലിംകൾ ഒറ്റക്കെട്ടായി നിശ്പക്ഷമായി നടത്തേണ്ടതാണ്. കുട്ടികൾക്ക് അർഹമായ മാർക്ക് നൽകാതിരിക്കുകയും അനർഹർക്ക് അമിത മാർക്ക് നൽകുകയും ചെയ്യുന്ന പ്രവണത ഉണ്ടാകാൻ പാടില്ലാത്തതാണ്.

**ഗ്രേഡ് നിർണ്ണയം**

മൂല്യനിർണയ പരിഷ്കരണത്തിന്റെ ഭാഗമായി റാങ്കുകൾക്കു പകരം ഗ്രേഡ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ടല്ലോ ഓരോ വിഷയത്തിലും കിട്ടിയ ആകെ മാർക്കിന്റെ ശതമാനമനുസരിച്ചാണ് ഗ്രേഡ് നിശ്ചയിക്കുക. എന്നാൽ അർദ്ധവാർഷിക പരീക്ഷക്ക് ഗ്രേഡ് സിസ്റ്റം ഇല്ല.

ഗ്രേഡ് കണക്കാക്കുന്ന വിധം

**96 % മുതൽ 100% വരെ.......** A++

**91 % മുതൽ 95% വരെ.......** A+

**81 % മുതൽ 90% വരെ........** A

**71 % മുതൽ 80% വരെ.......** B+

**61 % മുതൽ 70% വരെ........** B

**51 % മുതൽ 60% വരെ........** C+

**40 % മുതൽ 50% വരെ........** C

**40 ശതമാനത്തിൽ താഴെ.......** D

ഓരോ വിഷയത്തിലും മിനിമം C ഗ്രേഡെങ്കിലും ലഭിക്കണം D ഗ്രേഡ് ലഭിച്ചവർ പ്രമോഷന് അർഹരല്ല.

**അഭിനന്ദന പത്രം**

മുഴുവൻ വിദ്യാർത്ഥികളും വിജയിക്കുന്നതോടൊപ്പം പരീക്ഷ എഴുതിയവരിൽ പകുതി പേർക്കു എല്ലാ വിഷയത്തിലും A+ ലഭിച്ചാൽ മദ്റസക്കു അഭിനന്ദന പത്രം നൽകുന്നതാണ്. ഇതിന് 5,7 ക്ലാസുകളിൽ ചുരുങ്ങിയത് 8 വിദ്യാർത്ഥികളും, 10,12 ക്ലാസുകളിൽ 6 വിദ്യാർത്ഥികളും പരീക്ഷ എഴുതേണ്ടതാണ്.

**പൊതു പരീക്ഷ**

ഈ വർഷത്തെ പൊതു പരീക്ഷ **2020 ഏപ്രിൽ 11,12 (ശനി, ഞായർ)** തിയ്യതികളിലാണ് നടക്കുക പൊതുപരീക്ഷാ ക്ലാസുകളിൽ ( 5, 7, 10, 12 ) ജോലി ചെയ്യുന്ന മുഅല്ലിംകൾ നിർബന്ധമായും സൂപ്പർവൈസിംഗ് സേവനത്തിന് തയ്യാറാവേണ്ടതാണ്. സൂപ്പർവൈസിംഗ് സേവനത്തിന് ഹാജറാകാത്ത മുഅല്ലിംകളുടെ മദ്റസയിൽ പൊതുപരീക്ഷ നടക്കുകയില്ല എന്ന് മാനേജ്മെന്റ് പ്രതിനിധികളെ പ്രത്യേകം ഉണർത്തുന്നു. ഇമാമുമാരായും, മുഅദ്ദിൻമാരായും ജോലി ചെയ്യുന്നവർ നേരത്തെതന്നെ പൊതു പരീക്ഷാ ദിവസങ്ങളിൽ പകരം ആളെ ഏർപ്പാട് ചെയ്യേണ്ടതാണ്.

**വാല്വേഷൻ**

ഈ വർഷത്തെ പൊതു പരീക്ഷാ ക്ലാസുകളിലെ ഉത്തരക്കടലാസുകളുടെ മൂല്യ നിർണ്ണയും **2020 ഏപ്രിൽ 18,19,20** തിയ്യതികളിലാണ്.

പൊതു പരീക്ഷാ ക്ലാസുകളിലെ മുഴുവൻ മുഅല്ലിംകളും അവർക്ക് സൗകര്യപ്പെടുന്ന സെന്ററുകളിൽ വാല്വേഷൻ ജോലിക്ക് ഹാജറാകണമെന്ന് അറിയിക്കുന്നു. പൊതുപരീക്ഷ അവസാനിച്ച് 15 ദിവസത്തിനകം ഫല പ്രഖ്യാപനം നടത്തേണ്ടതുള്ളതിനാൽ മൂല്യ നിർണ്ണയ ക്യാമ്പിൽ പരമാവധി അധ്യാപകരുടെ സഹകരണം അത്യാവശ്യമാണ്. വാല്വേഷൻ കഴിഞ്ഞ് സൂക്ഷമ പരിശോധനക്ക് കൂടുതൽ സമയം ലഭിച്ചാൽ ഫല പ്രഖ്യാപനത്തിന് അത് ഏറെ സഹായകമാകും. മുഅല്ലിം അവാർഡുകൾ മറ്റു ആനുകൂല്യങ്ങൾ എന്നിവക്ക് ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്.

**അവാർഡുകൾ**

കഴിഞ്ഞ അധ്യയന വർഷം മുതൽ സുന്നി വിദ്യാഭ്യാസ ബോർഡിന്റെ അംഗീകാരമുള്ള മദ്റസകളിൽ മികവിന്റെ കേന്ദ്രങ്ങളായ മദ്റസകൾക്കും യോഗ്യരായ മുഅല്ലിംകൾക്കും അവാർഡ് നൽകുന്ന സംവിധാനം നിലവിൽ വന്നിട്ടുണ്ട്. എല്ലാവർഷവും തിരഞ്ഞെടുക്കപ്പെടുന്ന മദ്റസകൾക്ക് താജുൽ ഉലമാ അവാർഡും, മുഅല്ലിംകൾക്ക് നൂറുൽ ഉലമാ അവാർഡും നൽകുന്നതാണ്. യോഗ്യതയുള്ള മുഅല്ലിംകൾക്കും അർഹതയുള്ള മദ്റസകൾക്കും അവാർഡിനായി അപേക്ഷിക്കാവുന്നതാണ് എല്ലാ വർഷവും ശഅ്ബാൻ ഒന്നു മുതൽ 15നു മുമ്പായി നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ശവ്വാൽ ആദ്യവാരത്തിൽ അവാർഡുകൾ വിതരണം ചെയ്യുന്നതാണ്.

**മുഅല്ലിം നിയമനം**

1. മദ്റസകളിൽ നിയമിക്കപ്പെടുന്ന മുഅല്ലിംകൾ സമസ്ത കേരള ജംഇയ്യതുൽ ഉലമായുടെ സ്ഥാപിത ലക്ഷ്യങ്ങളിലും ആദർശങ്ങളിലും പൂർണമായി യോജിപ്പുള്ളവരും അഹ്ലുസ്സുന്നതി വൽജമാഅതിനോട് പൂർണ്ണമായും കൂറ് പുലർത്തുന്നതോടൊപ്പം പ്രസ്തുത ആശയങ്ങളിലധിഷ്ഠിതമായ ആചാരങ്ങളനുഷ്ഠിക്കുന്നവരും സംഘടനാ ബോധമുള്ളവരുമായിരിക്കണം.
2 മുഅല്ലിംകളെ നിയമിക്കുമ്പോൾ തൊഴിൽപരമായ യോഗ്യതകൾ (ഹിസ്ബ് കോഴ്സ്, ട്രെയ്നിംഗ് കോഴ്സ് മുതലായവ) സേവന പരിചയം, മാതൃകാപരമായ വേഷവിധാനം, വിദ്യാഭ്യാസ ബോർഡിന്റെ പ്രത്യേക നിർദ്ദേശങ്ങൾ എന്നിവ പരിഗണിക്കേണ്ടതാണ്.
3 മുഅല്ലിംകളെ ഇന്റർവ്യൂ ചെയ്യുമ്പോൾ സ്വദ്ർ മുഅല്ലിമിന്റെ സാന്നിധ്യം ഉണ്ടായിരിക്കേണ്ടതാണ്.
4 മുഅല്ലിമിൽ നിന്ന് നിയമനത്തിനുള്ള അപേക്ഷ നിശ്ചിത ഫോറത്തിൽ(ഫോറം സൈറ്റിൽ ലഭ്യമാണ്)എഴുതിവാങ്ങേണ്ടതാണ്. അപേക്ഷയിൽ സമസ്തയുടെ ആദർശങ്ങളും സുന്നി വിദ്യാഭ്യാസബോർഡിന്റെ നിർദേശങ്ങളുമനുസരിച്ചു പ്രവർത്തിക്കുന്നതാണെന്ന പ്രതിജ്ഞ ഉണ്ടായിരിക്കേണ്ടതാണ്. മുഅല്ലിമിനു നൽകുന്ന നിയമനോത്തരവിന്റെ കോപ്പി സ്വദ്ർ മുഅല്ലിമിനും നൽകിയിരിക്കണം. ഒരു കോപ്പി കമ്മിറ്റിവശം സൂക്ഷിക്കേണ്ടതാണ്. മുഅല്ലിമിന്റെ മുഴുവൻ മത ഭൗതിക സർട്ടിഫിക്കറ്റുകളുടെയും കോപ്പി മാനേജ്മെന്റ് വാങ്ങി സൂക്ഷിക്കണം.
5 നിയമിക്കപ്പെടുന്ന മുഅല്ലിംകൾ വിദ്യാഭ്യാസ ബോർഡിന്റെ മുഅല്ലിം സർവ്വീസ് റജിസ്റ്റർ ഉള്ളവരായിരിക്കണം.

ഇല്ലാത്തവർ ഉടൻ അത് എടുക്കേണ്ടതാണ്.

**മുഅല്ലിം സർവീസ് റജിസ്റ്റർ (എം.എസ്.ആർ)**

മദ്റസയിൽ സേവനം ആരംഭിച്ച ഉടനെ മുഅല്ലിംകൾ സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡിൽ നിയമാനുസൃതം പേര് റജിസ്റ്റർ ചെയ്തു MSR (മുഅല്ലിം സർവ്വീസ് റജിസ്റ്റർ) കരസ്ഥമാക്കേണ്ടതാണ്. MSR അപേക്ഷിക്കാൻ 18 വയസ്സ് പൂർത്തിയായിരിക്കണം. മാനേജിംഗ് കമ്മിറ്റിയെക്കൊണ്ട് സ്ഥിതിവിവരങ്ങൾ രേഖപ്പെടുത്തിക്കേണ്ടതും സേവനത്തിൽ നിന്ന് വിരമിച്ചാൽ (റിട്ടയർ ചെയ്താൽ) MSR ലും ബോർഡ് റജിസ്റ്ററിലും മൊത്തം സർവീസുകൾ രേഖപ്പെടുത്താനായി MSR വിദ്യാഭ്യാസ ബോർഡ് ഓഫീസിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്.

മുഅല്ലിംകൾ ഒരു മദ്റസയിൽ നിന്നും മറ്റൊരു മദ്റസയിലേക്ക് മാറിയാൽ മൂന്ന് മാസത്തിനുള്ളിൽ ഓഫീസിൽ നിന്ന് സർവീസ് ചേർത്തേണ്ടതാണ്. ഓഫീസിലേക്ക് വരുമ്പോൾ വിട്ട മദ്റസയുടെയും പുതുതായി ചേർന്ന മദ്റസയുടെയും ലറ്റർ ഹെഡിൽ എഴുതി സീൽ വെച്ച കത്തും ( കത്തിൽ മദ്റസയിൽ നിന്ന് വിട്ട തിയ്യതിയും, ചേർന്ന തിയ്യതിയും, ശമ്പളം, സ്ഥാനം) നിർബന്ധമായും കൊണ്ടുവരണം അല്ലാത്ത പക്ഷം സർവീസ് ചേർക്കാൻ കഴിയുകയില്ല. മുഅല്ലിംകളോ മദ്റസാ കമ്മിറ്റി ഭാരവാഹികളോ എം.എസ്.ആർ ബുക്കിൽ യാതൊന്നും എഴുതിച്ചേർക്കാൻ പാടില്ല.

എം.എസ്.ആർ ഇല്ലാത്ത മുഅല്ലിംകളെ ( പുതുതായി ജോലി ആരംഭിക്കുന്ന മുഅല്ലിംകൾ ഒഴികെ) മദ്റസകളിൽ നിയമിക്കരുത് നിലവിൽ എം.എസ്.ആർ ഇല്ലാത്ത മുഅല്ലിംകൾ ഒരു മാസത്തിനകം എം.എസ്.ആറിന് അപേക്ഷ നൽകേണ്ടതാണ്.

**തിബ്യാൻ**

സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡിന്റെ നൂതന സംരംഭമായ തിബ്യാൻ കോഴ്സ് നടന്നു വരുന്ന പ്രദേശങ്ങളിൽ പ്രസ്തുത സംരംഭത്തിന്റെ പുരോഗതിക്കു വേണ്ടി സുന്നി സംഘ കുടുംബാംഗങ്ങൾ സഹകരിക്കണമെന്ന് ഉണർത്തുന്നു.

തിബ്യാൻ കോഴ്സോ തതുല്യ കോഴ്സുകളോ വിജയകരമായി പൂർത്തിയാക്കിയ വിദ്യാർഥികൾക്ക് മദ്റസകളിൽ രണ്ടാം ക്ലാസിൽ പരിശോധക്കു വിധേയമായി അഡ്മിഷൻ നൽകാവുന്നതാണ്.

**സംഘടനാ പ്രവർത്തനം**

സുന്നീ സംഘ കുടുംബത്തിലെ മുഴുവൻ സംഘടനകളുടെയും പ്രവർത്തനങ്ങൾക്ക് മുഴുവൻ പ്രദേശങ്ങളിലും നേതൃത്വം നൽകുന്നത് മദ്റസാ മുഅല്ലിംകൾ ഉൾപ്പെടുന്ന പണ്ഡിത സമൂഹമാണ്. കേരള മുസ്‌ലിം ജമാഅത്ത്, എസ്.വൈ.എസ്, എസ്.എം.എ, എസ്.ജെ.എം, എസ്.എസ്.എഫ്, എന്നീ സംഘടനകളുടെ പ്രവർത്തനങ്ങളിൽ സഹകരിക്കുകയും ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകുകയും വേണം മദ്റസാ പരിധിയിൽ എസ്.ബി.എസ്. യൂണിറ്റ് നിലവിൽ ഇല്ലാത്ത സ്ഥലങ്ങളിൽ രൂപീകരിക്കുകയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും വേണം.

**മദ്റസാ വിസിറ്റ്**

മുഫത്തിശുമാർ മദ്റസാ വിസിറ്റ് നടത്തുമ്പോൾ അവർക്ക് ഭക്ഷണം, താമസ സൗകര്യം, തുടങ്ങി ആവശ്യമായ എല്ലാ വിധ സഹകരണങ്ങളും നൽകേണ്ടതാണ്. വിസിറ്റ് ദിവസം മുഫത്തിശിന്റെ അദ്ധ്യക്ഷതയിൽ മദ്റസയിൽ ചേരുന്ന പ്രത്യേക സ്റ്റാഫ് കൗൺസിൽ യോഗത്തിൽ മുഴുവൻ മുഅല്ലിംകളും മാനേജ്മെന്റ് പ്രതിനിധികളും പങ്കെടുക്കേണ്ടതാണ്.

**പ്രത്യേക ശ്രദ്ധക്ക്**

മുഅല്ലിം മാനേജ്മെന്റ് മീറ്റ്, പാരന്റ്സ് മീറ്റ്, സ്റ്റാഫ് യോഗങ്ങൾ എന്നിവ ഫലപ്രദമായി സംഘടിപ്പിക്കാത്തവരും, റെയിഞ്ചുമായി സഹകരിക്കാത്ത മദ്റസകളെയും പ്രസ്തുത മദ്റസകളിലെ മുഅല്ലിംകളെയും സുന്നി വിദ്യാഭ്യാസ ബോർഡിന്റെയും എസ്.ജെ.എം.കമ്മിറ്റികളുടെയും, എസ്.എം.എ.യുടെയും അവാർഡുകൾ, ക്ഷേമ നിധികൾ, പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾക്ക് പരിഗണിക്കപ്പെടുന്നതല്ല.

കോഴിക്കോട്
10-06-2019

സെക്രട്ടറി
സുന്നി വിദ്യാഭ്യാസ ബോർഡ്

هيئة التعليم السنية بعموم كيرلا
SAMASTHA KERALA SUNNI VIDYABHYASA BOARD
SAMASTHA CENTRE, MARKAZ COMPLEX ROAD, CALICUT - 6
PH: 0495 - 2772840,2772841,2772842,2772843,2772844,
Web: www.samastha.in, Email : madrsaalhind@gmail.com

## മുഅല്ലിം മാനേജ്മെന്റ് സംയുക്ത യോഗം

1. മദ്റസയുടെ പേര് :....................................................................................................
   സ്ഥാപിത വർഷം :..........................................അം.നമ്പർ :..............................................
2. സ്ഥലം :.......................................................പോസ്റ്റ് :...................................................
3. ജില്ല :...................................................ഫോൺ നമ്പർ :..............................................
4. റെയിഞ്ച് : ..............................................................................................................
5. യോഗം നടന്ന തിയ്യതി :........................................................ സമയം:............................
6. യോഗം നടന്ന സ്ഥലം :...................................................................................................
7. അദ്ധ്യക്ഷൻ : .............................................................................................................
8. മദ്റസാ മുഅല്ലിംകളുടെ ആകെ എണ്ണം : ......................................................................
9. പങ്കെടുത്തവരുടെ എണ്ണം : ...................... പങ്കെടുക്കാത്തവരുടെ എണ്ണം :..........................
10. പങ്കെടുക്കാത്തവരുടെ എം.എസ്.ആർ. നമ്പറുകൾ :.........................................................
11. മദ്റസയിലെ ക്ലാസുകൾ :................ മുതൽ ................ കൂടി
12. മദ്റസയിലെ വിദ്യാർത്ഥികളുടെ എണ്ണം: ആൺ.............. പെൺ.............ആകെ:................
13. പങ്കെടുത്ത മാനേജ്മെന്റ് പ്രതിനിധികളുടെ പേരു വിവരം

| | പേര് | മൊബൈൽ | ഒപ്പ് |
|---|---|---|---|
| 1. | | | |
| 2. | | | |
| 3. | | | |
| 4. | | | |
| 5 | | | |

14. യോഗത്തിലെ പ്രധാന ചർച്ചകൾ / തീരുമാനങ്ങൾ

..................................................................................................................................................

..................................................................................................................................................

..................................................................................................................................................

..................................................................................................................................................

..................................................................................................................................................

..................................................................................................................................................

15. പ്രധാന നിർദേശങ്ങൾ

..................................................................................................................................................

..................................................................................................................................................

..................................................................................................................................................

..................................................................................................................................................

..................................................................................................................................................

..................................................................................................................................................

16. സ്വദർ മുഅല്ലിമിന്റെ പേരും ഒപ്പും ഫോൺ നമ്പറും.

..................................................................................................................................................

17. മദ്റസാ കമ്മിറ്റി സെക്രട്ടറിയുടെ പേരും ഒപ്പും ഫോൺ നമ്പറും.

..................................................................................................................................................

മദ്റസാ സീൽ